ഉത്തരം

എം.എസ്.എം.ഇ.ഡി. ആക്ട് 2006 പ്രകാരം സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഈ മാനദണ്ഡങ്ങൾ നിശ്ചയിച്ചുനൽകുന്നത് കേന്ദ്രസർക്കാരാണ്.

ചെറുകിട വ്യവസായ സംരംഭങ്ങൾ

161(2362) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടം വന്ന് പ്രവർത്തനം നിലച്ചുപോയ എത്ര ചെറുകിട സംരംഭങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലെ സാങ്കേതിക വിദ്യകളിലെ മാറ്റംകൊണ്ടോ മറ്റ് പ്രശ്നങ്ങൾ കൊണ്ടോ നഷ്ടത്തിലാകുന്ന വ്യവസായ സംരംഭങ്ങൾ Modernisation/ Diversification /Expansion എന്നിവ ചെയ്യുകയാണെങ്കിൽ സംരംഭക സഹായ പദ്ധതിപ്രകാരം അർഹമായ നിക്ഷേപത്തിന് 15% മുതൽ 30% വരെ പരമാവധി 30 ലക്ഷംരൂപ വരെ സബ്സിഡി ആനുകൂല്യം നൽകുകയും പുനരുദ്ധാരണത്തിന് അർഹമെങ്കിൽ അപ്രകാരമുള്ള സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്നതിനായി ബാങ്കുമായി സഹകരിച്ച് ആവശ്യമായ സഹായം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ, നഷ്ടത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങളെ തിരിച്ചറിയുകയും മാനേജ്മെന്റുകൾ മാറ്റിയോ ബാങ്ക് ഫിനാൻസ് തരപ്പെടുത്തി കൊടുത്തോ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതിയാണ് ജില്ലാതലത്തിൽ നിലവിലുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽനിന്നും പ്രവർത്തനം നിലച്ചുപോയ ചെറുകിട സംരംഭങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനം ആരംഭിച്ചവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

ജില്ല	പുനരുദ്ധരിച്ചവയുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	25
കൊല്ലം	4
പത്തനംതിട്ട	30

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
ആലപ്പുഴ	38
കോട്ടയം	11
ഇടുക്കി	6
എറണാകുളം	...
തൃശ്ശൂർ	...
പാലക്കാട്	112
മലപ്പുറം	73
കോഴിക്കോട്	17
വയനാട്	...
കണ്ണൂർ	...
കാസർഗോഡ്	...

ഗ്രീൻ ഫിനാൻസ്

162(2363) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ഗ്രീൻ ഫിനാൻസ് എന്ന പേരിൽ വകയിരുത്തിയിരുന്ന 10 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്നതിനും 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 10.00 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളിലെ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്കുള്ള സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും വിശദമായ പഠനം നടത്തുന്നതിനും കൊൽക്കത്ത ആസ്ഥാനമായ ഏണസ്റ്റ് ആന്റ് യങ്ങ് എന്ന സ്ഥാപനത്തെ കെ.എസ്.ഐ.ഡി.സി. ചുമതലപ്പെടുത്തുകയുണ്ടായി. ഏണസ്റ്റ് ആന്റ് യങ്ങ് പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളെക്കുറിച്ചും അവയ്ക്കാവശ്യമായ ധനസഹായം എങ്ങനെ നടപ്പാക്കാം എന്നതിനെക്കുറിച്ചും വിശദമായ പഠനം നടത്തുകയും ഇവയ്ക്കെല്ലാമുൾപ്പെടുന്ന ഒരു പഠന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി.യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly